**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം)
ജഗതി, തിരുവനന്തപുരം
**E-mail–dirdhse.dge@kerala.gov.in**
**Phone No 0471 2280759**

**നമ്പർ : HSE/3693/2025-Ad C6 (1)** **തീയതി : 20-05-2025**

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - ഹയർ സെക്കന്ററി വിഭാഗം - ജീവനക്കാര്യം - സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ **2025-26** വർഷത്തെ പൊതു സ്ഥലംമാറ്റം പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

സൂചന

1. **02.03.2019**-ലെ സ.ഉ(സാധാ) നം.**838/2019**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. **27.03.2025**ലെ സ.ഉ(സാധാ) നം.**2282/2025**/പൊ.വി.വ സർക്കാർ ഉത്തരവ്
3. **07.04.2025**-ലെ **HSE/3693/2025-AdC6** നമ്പർ സർക്കുലർ
4. **09.04.2025**-ലെ സഉ(സാധാ) നം.**2592/2025**/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
5. **16.04.2025**-ലെ **HSE/3693/2025-AdC6** നമ്പർ സർക്കുലർ
6. **18.04.2025**-ലെ കൈറ്റ്/**2025/1748(10)** നമ്പർ സർക്കുലർ
7. **19.04.2025**-ലെ **HSE/3693/2025-AdC6** നമ്പർ സർക്കുലർ
8. **26.04.2025** ലെ **HSE/3693/2025-AdC6** നമ്പർ സർക്കുലർ
9. **29.04.2025**-ലെ **HSE/3693/2025-AdC6** നമ്പർ സർക്കുലർ
10. **30.04.2025**-ലെ സഉ(സാധാ) നം.**3024/2025**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
11. **20.05.2025**-ലെ **HSE/3693/2025-AdC6**നമ്പർ സർക്കുലർ

12. ബഹു. കേരള ഹൈക്കോടതി **OP(KAT) No.208/2025** ൽ **19.05.2025** ന് പുറപ്പെടുവിച്ച ഉത്തരവ്

സൂചന **(1)** സർക്കാർ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയും **2023-24** ലെ **NIC** യുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തിയ ട്രാൻസ്ഫർ പ്രക്രിയയിലെ **norms** പിന്തുടർന്നുമാണ് **2025-26** ലെ ട്രാൻസ്ഫർ പ്രക്രിയ **KITE** വഴി (സൂചന **2)** നടത്തുന്നത്. സൂചന **(4)** പ്രകാരം ട്രാൻസ്ഫർ മാനദണ്ഡങ്ങൾ സർക്കുലർ വഴിയും വെബ്സൈറ്റ് വഴിയും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ ട്രാൻസ്ഫറിനു മുന്നോടിയായി അധ്യാപകരുടെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനും, പ്രിൻസിപ്പൽമാർ അവ **verify** ചെയ്യാനും, ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും ഏപ്രിൽ **16** വരെ സമയം അനുവദിച്ച് സൂചന **(3)** പ്രകാരം വിശദമായ സർക്കുലർ പുറപ്പെടുവിച്ചു. പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനുള്ള അവസാന തീയതി ഏപ്രിൽ **16** ൽ നിന്നും ഏപ്രിൽ **21** വരെ ദീർഘിപ്പിച്ച് സൂചന **5** പ്രകാരം സർക്കുലർ പുറപ്പെടുവിച്ചു.

സ്റ്റാഫ് ഫിക്സേഷൻ മൂലമുണ്ടാകുന്ന **Excess Teachers** നെ സാങ്കേതികമായി പോർട്ടലിൽ ഉൾപ്പെടുത്താൻ സൂചന **(6)** പ്രകാരവും, പ്രിൻസിപ്പൽ പോസ്റ്റിംഗുമായി ബന്ധപ്പെട്ട **Excess** അധ്യാപകരുടെ കാര്യവുമായി ബന്ധപ്പെട്ട് സൂചന **(7)** പ്രകാരവും സർക്കുലറുകൾ പുറപ്പെടുവിച്ചു. ഇക്കാര്യങ്ങളിൽ നേരിട്ട് ഹെൽപ്പ് ഡെസ്കിനെ സമീപിക്കാൻ ഏപ്രിൽ **22** വരെ അവസരവും നൽകി.

സൂചന **(8)** പ്രകാരം സ്ഥലമാറ്റവും നിയമനവും നടത്തുന്നതിന് മെയ് **3** വരെ സമയം അനുവദിച്ച് വിശദമായ സർക്കുലർ പുറത്തിറക്കി. പ്രൊഫൈൽ അപ്ഡേറ്റുമായി ബന്ധപ്പെട്ട തിരുത്തലുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന് ഡയറക്ടറേറ്റിൽ നേരിട്ട് ഹാജരായി തിരുത്തുകൾ വരുത്താൻ ഏപ്രിൽ **28**നും **29**നും ഈ സർക്കുലർ പ്രകാരം സമയം അനുവദിച്ചു.

പ്രൊഫൈൽ തിരുത്തലുകൾക്കായി വീണ്ടും ഏപ്രിൽ **30** നും മെയ് **2** നും സമയം അനുവദിച്ചും മെഡിക്കൽ ബോർഡ് സർട്ടിഫിക്കേറ്റിന്റെ

കാര്യത്തിൽ വ്യക്തത വരുത്തിയും സൂചന (9) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചു.

സൂചന (10) പ്രകാരം 2025-26 ലെ പൊതു സ്ഥലംമാറ്റവും നിയമനവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തീരുമാനമെടുക്കാൻ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായി. സൂചന (11)- ൽ ഈ സമിതിക്ക് പരാതി നൽകേണ്ട വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചു.

മേൽ സർക്കാർ ഉത്തരവുകളുടേയും സർക്കുലറുകളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ 2025-26 ജനറൽ ട്രാൻസ്ഫറിന്റെ ഭാഗമായി പ്രൊവിഷണൽ ലിസ്റ്റ് www.dhsetransfer.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രൊവിഷണൽ ലിസ്റ്റിന്മേൽ ഉള്ള പരാതികൾ 24.05.2025 ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പ് താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസരിച്ച് dhsetransfer@kite.kerala.gov.in ഇ-മെയിലിൽ അയക്കേണ്ടതാണ്.

(1) സൂചന സർക്കുലറുകളിൽ വിശദമാക്കിയപോലെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാൻ നിരവധി തവണ അവസരം നൽകിയിട്ടും അവ കൃത്യമാക്കാത്തതുമൂലം ഏതെങ്കിലും അധ്യാപകന്റെ സേവന കാലയളവിൽ കുറവായി കാണുന്നുവെങ്കിൽ അത്തരം പരാതികൾ ഇനി പരിഗണിക്കില്ല. എന്നാൽ സൂചന 9 സർക്കുലറിലെ 3-ാം ഖണ്ഡികയിൽ വ്യക്തമാക്കിയ പോലെ തെറ്റായ വിവരങ്ങൾ നൽകിയത് മൂലം ഏതെങ്കിലും അധ്യാപകന് undue advantage ലഭിക്കുന്നപക്ഷം ആ പരാതികൾ പരിഗണിക്കുന്നതാണ്.

(2) അതുപോലെ Retained, Compassionate, Priority ഗ്രൗണ്ടുകളിൽ തെറ്റായ വിവരങ്ങൾ ആരെങ്കിലും നൽകി ആ ആനുകൂല്യം നേടുന്നുവെങ്കിൽ അക്കാര്യവും ഈ ഘട്ടത്തിൽ പരാതിയായി നൽകാവുന്നതാണ്. തെറ്റായ വിവരങ്ങൾ നൽകിയവരുടെ കാര്യത്തിൽ സൂചന (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 8 (VIII) പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഇ-മെയിലിൽ ലഭിക്കുന്ന പരാതികളിൽ അവയുടെ സ്വഭാവം

പരിശോധിച്ച് മറുപടി നൽകേണ്ടുന്നവയ്ക്ക് മാത്രം മറുപടി നൽകാൻ സംവിധാനം ഒരുക്കുന്നതാണ്.

(4) മതിയായ രേഖകൾ സമർപ്പിക്കാതെ പ്രിൻസിപ്പൽ ഫോർവേഡ് ചെയ്ത Priority വിഭാഗത്തിലെ അപേക്ഷകൾ നിലവിൽ Provisional listൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വിശദമായ പരിശോധനയ്ക്ക് ശേഷം രേഖകൾ ഇല്ല എന്ന് ബോധ്യപ്പെടുന്നപക്ഷം ഈ വിഭാഗത്തിൽ നിന്ന് ഒഴിവാക്കുന്നതാണ്.

(5) സൂചന (8)-ലെ സർക്കുലറിലെ അനുബന്ധത്തിൽ Priority നൽകുന്ന വിഭാഗങ്ങൾ എന്ന ശീർഷകത്തിൽ നൽകിയ പട്ടികയിലെ 16-ാ‍ാം ഇനത്തിൽ നിന്നും ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി എന്ന ഭാഗം നീക്കം ചെയ്യുന്നു.

(6) സൂചന (12) പ്രകാരം ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ഈ സർക്കുലർ പ്രകാരം dhsetransfer@kite.kerala.gov.in ഇ-മെയിലിൽ നൽകുന്ന പരാതികളിൽ മറുപടി തൃപ്തികരമല്ലെങ്കിൽ മാത്രമേ സൂചന (10) പ്രകാരം രൂപീകരിച്ച സമിതിയിലേക്ക് (സൂചന (11) സർക്കുലർ പ്രകാരം) പരാതികൾ സമർപ്പിക്കേണ്ടതുള്ളൂ.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

Signed by
Santhosh Kumar .r
Date: 20-05-2025 17:10:19